**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** **09-10-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ വികസനവും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ വി ജോയി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശവാസികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പഠിക്കാനും പരിഹരിക്കുന്നതിനുമായി തീരദേശ മണ്ഡലങ്ങളിൽ സംഘടിപ്പിച്ച തീരസദസ്സിലൂടെ ലഭിച്ച നിർദ്ദേശങ്ങളിലും അപേക്ഷകളിലും സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | തീരമേഖലയിലെ മത്സ്യത്തൊഴിലാളി കളുമായി സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ അവരിലേയ്ക്ക് എത്തിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ തീരദേശ നിയോജക മണ്ഡലങ്ങളിലുമായി 47 കേന്ദ്രങ്ങളിൽ 'തീരസദസ്സ്' എന്ന പരിപാടി സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി.<br><br>ജനപ്രതിനിധികളെയും വിവിധ വകുപ്പ് മേധാവികളെയും പങ്കെടുപ്പിച്ച് 2023 ഏപ്രിൽ 23 മുതൽ മേയ് 25 വരെയുള്ള ദിവസങ്ങളിലാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഉദ്ഘാടനം ഏപ്രിൽ 23 ന് വൈകുന്നേരം 4 മണിയ്ക്ക് തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന പൊഴിയൂർ ഗവൺമെന്റ് യു. പി. സ്കൂൾ അങ്കണത്തിൽ വെച്ച് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.<br><br>തീരദേശ മേഖലയുടെയും മത്സ്യത്തൊഴി ലാളികളുടെയും പ്രശ്നങ്ങളും പരാതികളും വിശകലനം ചെയ്തുകൊണ്ടും പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊണ്ടുമുള്ള സമഗ്രമായ ഒരു പരിപാടി എന്ന നിലയിലാണ് തീരസദസ്സ് വിഭാവനം ചെയ്തിരുന്നത്. പരിപാടിയുടെ ആദ്യഭാഗത്ത് അതത് പ്രദേശത്തെ ജനപ്രതിനിധികളുമായി ചർച്ച നടത്തി പ്രാദേശികമായുള്ള പ്രശ്നങ്ങളും വികസന സാധ്യതകളും വിശകലനം ചെയ്തു. തുടർന്ന് തീരസദസ്സ് നടന്നു. തീരസദസ്സിലൂടെ നേരിട്ട് മത്സ്യത്തൊഴിലാളികളുമായി സംവദിക്കുന്നതിനും വിവിധ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ |

പ്രശ്നങ്ങൾ മനസ്സിലാക്കുവാനും ഉടനടി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ അവിടെ വച്ച് തന്നെ പരിഹരിക്കുവാനും സാധിച്ചിട്ടുണ്ട്.

ഏ.പി.എൽ കാർഡുകൾ ബി.പി.എൽ കാർഡുകളാക്കി മാറ്റൽ, വി.എച്ച്.എഫ് മറൈൻ റേഡിയോ ലഭ്യമാക്കൽ, സഹകരണ സംഘങ്ങളിൽ നിന്നും എടുത്ത വായ്പയ്ക്ക് പലിശ ഇളവ് അനുവദിക്കൽ, ചികിത്സാ സഹായം, അപകട മരണ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കൽ, മത്സ്യഫെഡ് വഴിയുള്ള ലോൺ, ജി.ആർ.എഫ്.ടി.എച്ച്.എസ് കളിൽ മികച്ച സൗകര്യം ലഭ്യമാക്കൽ തുടങ്ങി തീരദേശ ജനതയുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി അപേക്ഷകൾ തീരസദസ്സിൽ ലഭിക്കുയുണ്ടായി. ആയതിൽ ഭൂരിഭാഗവും പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. തീരസദസ്സിൽ ചികിത്സാ ധനസഹായം, ഫണ്ട് ബോർഡ് ഇൻഷ്വറൻസ് ആനുകൂല്യം, സാഫ് വഴിയുള്ള ആനുകൂല്യം എന്നിവ ഉൾപ്പെടെ ആകെ 7,99,51,961/- രൂപയുടെ (ഏഴ് കോടി തൊണ്ണൂറ്റി ഒൻപതു ലക്ഷത്തി അൻപത്തൊന്നായിരത്തി തൊള്ളായിരത്തി അറുപത്തിയൊന്ന് രൂപ മാത്രം) ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

ഫിഷറീസ് വകുപ്പ് 2016-17, 2017-18 വർഷങ്ങളിൽ നടപ്പിലാക്കിയ ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി നൽകുന്ന പദ്ധതിയിൽ രണ്ടാം ഘട്ടവും മൂന്നാം ഘട്ടവും പൂർത്തിയാക്കി. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭൂമിയുടെ ആധാരം തിരികെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട തീരസദസ്സിൽ ലഭ്യമായ പരാതികളുടെ അടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച് അപേക്ഷകൻ സ്ഥലത്ത് താമസമാക്കി ഒരു വർഷം പൂർത്തിയാക്കി എന്ന് ഉറപ്പ് വരുത്തിയ ശേഷം പ്രമാണത്തിന്റെ അസ്സൽ തിരികെ നൽകുന്നതിന് 04/12/2023 ലെ സ. ഉ (സാധാ ) നം. 976/2023/മ.ഇ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴിലാളി കോളനി നവീകരണം സംബന്ധിച്ച് തീരസദസ്സിൽ ലഭ്യമായ പരാതികൾ പരിശോധിച്ച് കാലപ്പഴക്കം കൊണ്ടും ശോചനീയാവസ്ഥ കൊണ്ടും വാസയോഗ്യമല്ലാത്ത വീടുകളുടെ പുനർനിർമ്മാണത്തിന് വീട് ഒന്നിന് 4 ലക്ഷം രൂപ നിരക്കിൽ 184 വീടുകൾ പുനർ നിർമ്മിക്കുന്നതിന് 736 ലക്ഷം രൂപയുടെ ഭരണാനുമതി 2023-24 ൽ നൽകുകയും പദ്ധതി നടപ്പാക്കുന്നതിനായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ്

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. പ്രസ്തുത പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം 125 വീട്ടുകളുടെ പുനർ നിർമ്മാണത്തിന് വീട് ഒന്നിന് 4 ലക്ഷം രൂപ നിരക്കിൽ 125 വീട്ടുകൾ പുനർ നിർമ്മിക്കുന്നതിന് 500 ലക്ഷം രൂപയുടെ പ്രൊപോസലിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . പുനർഗേഹം പദ്ധതിയുടെ ഫണ്ട് ലഭ്യമാകാത്തത് സംബന്ധിച്ച പരാതികളിന്മേൽ നിലവിൽ ലഭ്യമായ ഫണ്ട് ഗുണഭോക്താക്കൾക്ക് അനുവദിച്ചു നൽകി പരാതികൾ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>കടൽഭിത്തി നിർമ്മാണം, ഭവന പുനഃരുദ്ധാരണം, പുനർഗേഹം പദ്ധതിയുടെ ധനസഹായ തുക വർദ്ധിപ്പിക്കൽ, കടാശ്വാസ കാലപരിധി ഉയർത്തൽ, കോസ്റ്റൽ റെഗുലേറ്ററി സോൺ(CRZ) പരിധി ലഘൂകരിക്കൽ, പട്ടയം ലഭ്യമാക്കൽ, ലൈഫ് പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് മുൻഗണന നൽകൽ തുടങ്ങിയ അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>തീരസദസ്സ് പരിപാടിയുടെ ഭാഗമായി 9 തീരദേശ ജില്ലകളിലായി ആകെ 25150 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ ഫിഷറീസ് വകുപ്പുമായും അനുബന്ധ ഏജൻസികളുമായും ബന്ധപ്പെട്ട അപേക്ഷകളിൽ നടപടികൾ സ്വീകരിച്ച് തീർപ്പാക്കിയിട്ടുണ്ട്. ഇതര വകുപ്പുമായി ബന്ധപ്പെട്ട അപേക്ഷകൾ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് കൈമാറുകയും മേൽ വിവരം അപേക്ഷകരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി അപേക്ഷകളിന്മേൽ വേഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് അതാത് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ വേഗത്തിൽ ആക്കുന്നതിന് ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി വകുപ്പുകളിൽ നിന്നും അപേക്ഷകർക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | തീരദേശ വികസനത്തിനായി 2024-25 സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | തീരദേശ വികസനത്തിനായി 2024-25 സാമ്പത്തിക വർഷം 136.98 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അനുവദിച്ച തുകയിൽ 1500.00 ലക്ഷം രൂപ നബാർഡിന്റെ ധനസഹായമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും, അവരുടെ മാനവശേഷി വികസനവും ഉറപ്പാക്കുന്ന പദ്ധതിക്കായി 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ വിദ്യാഭ്യാസ/പരിശീലന |

പരിപാടിക്കുള്ള 15 കോടി രൂപയും സോഷ്യൽ മൊബിലൈസേഷൻ പരിപാടികൾക്കുള്ള 5 കോടി രൂപയും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഇതര ഉപജീവനമാർഗ്ഗങ്ങൾക്കുള്ള 17 കോടി രൂപയും ഉൾപ്പെടുന്നു. മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾക്ക് 3 കോടി രൂപയും  മത്സ്യഫെഡിന്റെ നീണ്ടകരയിലെ പുതിയ വല ഫാക്ടറിക്കായി 5 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഭൂമിയും വീടും നൽകുന്ന പദ്ധതിക്കും,  തീരദേശ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും 10 കോടി രൂപ വീതം നീക്കിവെച്ചിട്ടുണ്ട്. നിരന്തരമായ തീരശോഷണ ഭീഷണി നേരിടുന്ന മേഖലയിൽ തീരത്തു നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന എല്ലാ കുടുംബങ്ങളെയും സുരക്ഷിത സ്ഥാനങ്ങളിലേക്ക് പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പുനർഗേഹം പദ്ധതിയുടെ 2024-25 വർഷത്തെ പ്രവർത്തനങ്ങൾക്കായി 40 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇത് കഴിഞ്ഞ വർഷത്തെ ബജറ്റ് വിഹിതത്തിന്റെ ഇരട്ടിയാണ്. 2021-22 സാമ്പത്തിക വർഷത്തിനു ശേഷം ഇതുവരെ പുനർഗേഹം പദ്ധതിക്ക് 226.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ മത്സ്യ തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും മണ്ണ് നീക്കം ചെയ്യുന്നതിനുമായി 9.50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അപകടമരണം, കാണാതാകൽ, സ്ഥിരവൈകല്യം എന്നിവയ്ക്ക് 10 ലക്ഷം രൂപയുടെയും, ഭാഗിക വൈകല്യത്തിന് 5 ലക്ഷം രൂപയുടെയും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിക്കായി 11.18 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.  രണ്ടരലക്ഷത്തോളം മത്സ്യത്തൊഴിലാളികളും എൺപതിനായിരത്തോളം അനുബന്ധ തൊഴിലാളികളും ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരുമെന്ന് കണക്കാക്കുന്നു.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണം ഉൾപ്പെടെ വിവിധ പ്രവൃത്തികൾക്ക് സംസ്ഥാന വിഹിതമായി 10 കോടി രൂപയും വകയിരുത്തിയിരിക്കുന്ന തുൾപ്പെടെ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനായി 13.31 കോടി രൂപ വകയി രുത്തിയിട്ടുണ്ട്. പൊഴിയൂരിൽ പുതിയ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കേണ്ടതിന്റെ

| | | | |
|---|---|---|---|
| | | | ആവശ്യകത ഉയർന്ന് വന്നിട്ടുണ്ട്. ഇതിലേക്ക് പ്രാഥമികമായി 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനും തീരദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണുള്ളതെന്നും ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ? | (സി) | മാതൃകാ മത്സ്യഗ്രാമത്തിന്റെ നിർമ്മാണം, മത്സ്യത്തൊഴിലാളി കോളനികളുടെ പുനർനിർമ്മാണം, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, നിലവിലുള്ള പദ്ധതികളുടെ ഭാഗമായി നിർമ്മിച്ച വീടുകളുടെയും ഫ്ലാറ്റുകളുടെയും പൂർത്തീകരണവും നവീകരണവും, ശുചിത്വം, കുടിവെള്ളം, വൈദ്യുതി, ആരോഗ്യ സൗകര്യങ്ങൾ, ലൈബ്രറി, കളി സ്ഥലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം, പ്രതിഭാതീരം പദ്ധതിയുടെ നിർവഹണം എന്നിവ നടപ്പിലാക്കുന്നതിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ പ്രതിഭാതീരം പദ്ധതി പൂർത്തീകരണ വേളയിലാണ്.<br><br>തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന അഭിമാന പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതി പ്രകാരം  വ്യക്തിഗത ഭവന നിർമ്മാണ ത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ, സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ  പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിത്താമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. കൂടാതെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന  നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് സ.ഉ. (കൈ) നം. 1/2024/മത്സ്യബന്ധന വകുപ്പ് നമ്പർ തീയതി 05.01.2024 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ (ഈ വർഷത്തെ 40 കോടി രൂപ ഉൾപ്പെടെ) നിന്നും 153.75 കോടി രൂപയും ഉൾപ്പെടെ പദ്ധതി പ്രവർത്തനത്തിനായി ഇതുവരെ ആകെ 403.75 കോടി രൂപ അനുവദിക്കുകയും 391.51 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സീലിങ് നിയന്ത്രണം ഒഴിവാക്കുന്ന മുറയ്ക്ക് ഈ സാമ്പത്തിക വർഷത്തെ തുക പൂർണമായും ചെലവഴിക്കാൻ കഴിയുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**തീരദേശ വികസനത്തിനായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ**

| **ക്രമ നം** | **പദ്ധതികൾ** | **തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1 | മത്സ്യബന്ധന തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യവും മാനവ ശേഷി വികസനവും | 10000.00 |
| 2 | എൻ.സി.ഡി.സി ലോണിനുള്ള സബ്സിഡിയും ഷെയർ ക്യാപിറ്റലും | 100.00 |
| 3 | എൻ.ബി.സി.എഫ്.ഡി.സി ലോണിനും എൻ.എം.ഡി.എഫ്.സി ലോണിനുള്ള സീഡ് ക്യാപിറ്റൽ | 30.00 |
| 4 | ഗ്രാമീണ  അടിസ്ഥാന വികസന നിധി (ആർ.ഐ.ഡി.എഫ്) | 1500.00 |
| 5 | മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണുനീക്കലും (എച്ച്.ഇ.ഡി) | 950.00 |
| 6 | മത്സ്യബന്ധന തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി | 1000.00 |
| 7 | മത്സ്യബന്ധന അനുബന്ധ തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻ ഷുറൻസ് പദ്ധതി | 118.00 |
| ആകെ | | 13698.00 |